**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **03-02-2026 - ൽ മറുപടിയ്ക്ക്**

**തലപ്പാടി-ചെർക്കള ദേശീയ പാതയിലെ ടോൾ പിരിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 66-ന്റെ ഒന്നാം റീച്ച് ആരംഭിക്കുന്ന തലപ്പാടി-ചെർക്കള പാതയിൽ ടോൾ പിരിക്കുന്നതിലെ അപാകത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ദേശീയപാത 66 ന്റെ ഡിസൈൻ, നിർമ്മാണം എന്നിവ ദേശീയപാത അതോറിറ്റി മുഖേനയാണ് പൂർത്തിയാക്കുന്നത്. ദേശീയപാത 66 ന്റെ തലപ്പാടി ചെങ്ങള റീച്ചിന്റെ കൺസെഷനെയർ പ്രധാന കാരേജ്‌വേയുടെയും, സർവീസ് റോഡുകളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇവ ഇപ്പോൾ പൂർണ്ണമായും ഗതാഗതത്തിനായി തുറന്നിട്ടുണ്ട് എന്നും ദേശീയപാതാ അതോറിറ്റി അറിയിക്കുന്നു. NHAI റിപ്പോർട്ട് പ്രകാരം National Highways Fee (Determination of Rates and Collection) Rules, 2008 ലെ ചട്ടം 8(2) പ്രകാരം സവിശേഷ സാഹചര്യങ്ങളിൽ, 60 കിലോമീറ്റർ ദൂരത്തിനുള്ളിൽ മറ്റൊരു ടോൾ പ്ലാസ സ്ഥാപിക്കാൻ അനുമതി നൽകാൻ ദേശീയപാത അതോറിറ്റിക്ക് അധികാരമുണ്ട്. തലപ്പാടി മുതൽ ചെങ്കള വരെയുള്ള 39 കിലോമീറ്റർ പാത പൂർത്തിയാക്കിയ ശേഷം, ചട്ടം 8(2) പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച്, ദേശീയപാത അതോറിറ്റി ചെയർമാന്റെ അംഗീകാരത്തോടെയാണ് കുമ്പളയിൽ താൽകാലിക ടോൾ പ്ലാസ സ്ഥാപിച്ചത് എന്നാണ് NHAI അറിയിച്ചിരിക്കുന്നത്. ടോൾ പ്ലാസയുടെ സ്ഥലം തിരഞ്ഞെടുത്തതും, പ്രവർത്തനവും നിലവിലുള്ള ചട്ടങ്ങളും മാർഗ്ഗനിർദേശങ്ങളും അനുസരിച്ചാണ് എന്നും NHAI അറിയിക്കുന്നു. ഈ ക്രമീകരണം താൽക്കാലിക സ്വഭാവമുള്ളതാണ് എന്നും, താൽകാലിക ടോൾ പ്ലാസ മുഖേന എൻ.എച്ച്-66 ലെ തലപ്പാടി മുതൽ ചെങ്ങള വരെ 39 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് വിഭാഗം ഉപയോഗിക്കുന്ന റോഡ് ഉപയോഗിക്കുന്നവരിൽ നിന്ന് യൂസർ ഫീസ് ഈടാക്കുന്നതായിരിക്കും എന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ വിഷയത്തിലെ റിപ്പോർട്ടുകളും, ജനപ്രതിനിധികളുടെ നിവേദനങ്ങളും സംസ്ഥാന സർക്കാർ ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ദേശീയപാതകൾ യൂണിയൻ ലിസ്റ്റിന്റെ പരിധിയിലായതിനാൽ, ദേശീയപാതകളിലെ യൂസർ ഫീസ് നിശ്ചയിക്കൽ, ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട നയങ്ങൾ കേന്ദ്ര സർക്കാർ രൂപീകരിക്കുകയും ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ (NHAI) മുഖേന നടപ്പാക്കുകയും ചെയ്യുന്നതാണ്. വിഷയം വീണ്ടും NHAI യുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കുമ്പളയിൽ നിന്നും നാൽപത്തൊന്ന് കിലോമീറ്റർ ദൂരമുള്ള മംഗളൂരു വരെ പോകുന്നതിന് രണ്ടിടത്തായി 280 രൂപ ടോൾ നൽകേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ട് ടോൾ പ്ലാസകൾ തമ്മിലുള്ള ദൂരവ്യത്യാസം ഈ മേഖലയിൽ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | വിവിധ ആവശ്യങ്ങൾക്കായി കാസർകോട് നിന്നും കർണ്ണാടകയിലേക്ക് പോകേണ്ടി വരുന്നവരുടെ ഈ പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ